പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3321 | 11.05. 2017 ൽ മറുപടിക്ക്

## ഊർജ്ജകിരൺ, സ്മാർട്ട് എനർജി പ്രോഗ്രാം എന്നിവയിലൂടെ ഊർജ്ജസംരക്ഷണം

ചോദ്യം

ശ്രീ.ജോർജ്.എം.തോമസ്

"പി.കെ.ശശി

ശ്രീമതി.വിണാ ജോർജ്

ശ്രീ.യു.ആർ.പ്രദീപ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഊർജ്ജസംരക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) ഉണ്ട്. കുട്ടികളിൽ ഊർജ്ജസംരക്ഷണത്തിനെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കാനായി സ്മാർട്ട് എനർജി പ്രോഗ്രാം എന്ന പേരിൽ 2014-15 മുതൽ പദ്ധതി നടപ്പിലാക്കി വരുന്നു. സ്മാർട്ട് എനർജി പ്രോഗ്രാം 2014-15 ന്റെ ഭാഗമായി കേരളത്തിലെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നും, ഒരു വിദ്യാഭ്യാസ ജില്ലയിലെ 10 സ്കൂളുകളെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുകയുണ്ടായി. സ്മാർട്ട് എനർജി പ്രോഗ്രാം 2015-16 ൽ ഒരു വിദ്യാഭ്യാസ ജില്ലയിലെ 50 സ്കൂളുകളെ ഉൾപ്പെടുത്താൻ ലക്ഷ്യമിടുകയും 1500 ലധികം സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിക്കുകയും ചെയ്തു.2016-17 ൽ ഒരു വിദ്യാഭ്യാസ ജില്ലയിൽ നിന്നും 100 സ്കൂളുകൾ എന്ന നിലയിൽ പങ്കാളിത്തം ലക്ഷ്യമിടുകയും 4270 സ്കൂളുകളെ ഉൾപ്പെടുത്താൻ സാധിക്കുകയും ചെയ്തു.. കുട്ടികൾക്കായി സ്കൂൾ തലത്തിൽ തുടങ്ങി, വിദ്യാഭ്യാസ ജില്ല, സംസ്ഥാനതലം എന്നിങ്ങനെ മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങളോടൊപ്പം ഊർജ്ജ സംരക്ഷണ അവാർഡ് ലഭിച്ച വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കാനുള്ള അവസരം നൽകുകയുമുണ്ടായി. |
| (ബി) ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഈ പദ്ധതിയും ഊർജ്ജകിരൺ പദ്ധതിയും എത്രമാത്രം പ്രയോജനപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. ഊർജ്ജ സംരക്ഷണ സന്ദേശം പൊതുജനങ്ങൾക്കിടയിൽ എത്തിക്കുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതി ഫലപ്രദമാണ്. |
| (സി) ഇത്തരം പദ്ധതികൾ കൂടുതൽ വ്യാപിപ്പിച്ച് ഊർജ്ജസംരക്ഷണം സാധ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (സി) ഊർജ്ജസംരക്ഷണ പദ്ധതികൾ കേരളത്തിൽ ഉടനീളം വ്യാപിപ്പിക്കുകയും കൂടുതൽ ജനങ്ങളിലേക്ക് ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകതയും, കാര്യക്ഷമമായ ഉപകരണങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ